"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.ബി. മനോജ് കുമാറിന് അനുവദിച്ചിരുന്ന പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.414/2022/F&WLD തീയതി,തിരുവനന്തപുരം, 24-09-2022.

---

പരാമർശം:-

1. 19.05.2015 ലെ സ.ഉ.(സാധാ) നം. 204/2015/വനം നമ്പർ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.05.2017 ലെ എം.ആർ.3 (എൽ.ഡിസ്) 72989/2015/ആ.വ.ഡ നമ്പർ കത്ത്.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.07.2017, 08.04.2019, 14.09.2022 തീയതികളിലെ എച്ച്-2-38105/2017 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി.ബി. മനോജ് കുമാറിന് കരൾ മാറ്റി വയ്ക്കൽ ചികിൽസയ്ക്കായി 17 ലക്ഷം രൂപ പലിശരഹിത വായ്പ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ച് 8,70,904/- രൂപ അനുവദനീയമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.ചികിത്സാ വായ്പ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്ക് തിരികെ അടക്കാൻ ബാക്കിയുണ്ടായിരുന്ന 10,03,277/- രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ പരാമർശം (3) ലെ 14.09.2022 തീയതിയിലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വനം വകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.പി.ബി.മനോജ് കുമാറിന് കോഴിക്കോട് 'മിംസ്' ഹോസ്പിറ്റലിൽ കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി ആകെ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 8,70,904/- രൂപയുടെ 80% ആയ 6,96,723/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന 17,00,000/- രൂപയുടെ പലിശരഹിത ചികിൽസാവായ്പയിൽ ക്രമീകരിച്ച് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ

യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. പി.ബി. മനോജ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ. ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.( 31.08.2019 ലെ 1036594/എൽ3/674/2018-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 24-09-2022 17:58:51**

സെക്ഷൻ ഓഫീസർ.